**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – ഏലൂർ നഗരസഭയിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തിച്ചിരുന്ന ശ്രീ.ജോൺസൺ എം.വി എന്ന വ്യക്തിക്ക് ചികിത്സാസഹായം - നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.3078/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/12/2018

---

പരാമർശം:- ഏലൂർ മുനിസിപ്പൽ ചേർപേഴ്സന്റെ 17/09/2018 ലെ G2-8713/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഏലൂർ നഗരസഭയിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തിച്ചിരുന്ന ശ്രീ.ജോൺസൺ എം.വി, മാത്തിപ്പറമ്പിൽ ഹൗസ്, മഞ്ഞുമ്മൽ എന്ന വ്യക്തി എലിപ്പനി ബാധിതനായി വളരെ ഗുരുതരാവസ്ഥയിൽ രണ്ട് കിഡ്നിയും തകരാറിലായ രീതിയിൽ ഒരാഴ്ചക്കാലമായി ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സയിലാണെന്നും ടിയാന്റെ കുടുംബം സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിലുള്ള കുടുംബമായതിനാൽ ടിയാൻ അടിയന്തര ചികിത്സധനസഹായമായി ഒരു ലക്ഷം രൂപ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി യഥേഷ്ടാനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ഏലൂർ മുനിസിപ്പൽ ചെയർപേഴ്സൺ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തിച്ചിരുന്ന ശ്രീ.ജോൺസൺ എം.വി, മാത്തിപ്പറമ്പിൽ ഹൗസ്, മഞ്ഞുമ്മൽ എന്ന വ്യക്തിക്ക് ചികിത്സാ സഹായമായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപ ഒരു പ്രത്യേക കേസായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനാമോൾ കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർപേഴ്സൺ/സെക്രട്ടറി, ഏലൂർ നഗരസഭ, ഉദ്യോഗമണ്ഡൽ, എറണാകുളം - 683501.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.